**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1018** **10.06.2019-ലെ മറുപടി**

## കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി

| **ചോദ്യം**<br>**ശ്രീ.കെ.എൻ.എ ഖാദർ** | **മറുപടി**<br>**കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| --- | --- |
| എ) കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിലേക്കായി ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദമാക്കുമോ; | എ) കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിലേക്കായി വിതരണ ശൃംഖലയിൽ PWD റോഡിലെ വേങ്ങര, അച്ചനമ്പലം റോഡിൽ 2.5 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. അതിനു വേണ്ടിയുള്ള തുക PWD യിൽ അടച്ചിട്ടുണ്ടെങ്കിലും അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിച്ചാലുടനേ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| ബി) ഇതിലേക്കായി സജ്ജീകരിച്ച പമ്പ് സെറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) പ്രസ്തുത പദ്ധതിയുടെ ക്ലിയർ വാട്ടർ പമ്പ് ഹൗസിൽ വൈദ്യുത കണക്ഷൻ ലഭ്യമായിട്ടില്ല. നിലവിലുള്ള ഊരകം, വേങ്ങര, കണ്ണമംഗലം പദ്ധതിയുടെ 2 വൈദ്യുത കണക്ഷനുകളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശികയായ 7.6 ലക്ഷം രൂപ അടച്ചു തീർത്താലേ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയുള്ളൂ എന്ന് 29.05.2019-ൽ കെ.എസ്.ഇ.ബി. അറിയിച്ചതിൻ പ്രകാരം പ്രസ്തുത തുക അടച്ച് വൈദ്യുത കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| സി) കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ ഒമ്പതു വാർഡുകളിലെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്ന ഈ പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | സി) സ്വീകരിക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ